**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. സക്കീർ ഹുസൈനും മറ്റുള്ളവരും ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)13923/2017 നമ്പർ ഹർജിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.430/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 14/02/2018**

---

പരാമർശം : ബഹു. കേരള ഹൈക്കോടതിയുടെ 12.04.2017 ലെ WP(C) 13923/2017 നമ്പർ വിധിന്യായം.

**<u>ഉത്തരവ്</u>**

ശ്രീ. സക്കീർ ഹുസൈനും മറ്റ 13 പേരും കൂടി ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)13923/2017 ഹർജിയിൽ മേൽ പരാമർശ പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.04.2017 ലെ വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ചിട്ടുള്ള Ext.P31 നിവേദനം പരിഗണിച്ച് ഹർജിക്കാരുടെ ഒരു പ്രതിനിധിയെ നേരിൽ കേൾക്കുവാൻ അവസരം നൽകുകയും ഉചിതമായ ഉത്തരവ് രണ്ടു മാസത്തിനകം പുറപ്പെടുവിക്കുവാനും നിർദേശിച്ചിരുന്നു. 01.04.2013 ന് മുമ്പ് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി പ്രവൃത്തിയെടുക്കുകയും 01.04.2013 നും അതിന് ശേഷവും ഫുൾടൈം സർവീസിലേയ്ക്ക് ഉൾപ്പെടുത്തുകയും ചെയ്ത പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ച് കൊണ്ട് മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഫുൾ ടൈം കണ്ടിൻജന്റ് ജീവനക്കാർ സമർപ്പിച്ച നിവേദനമാണ് Ext.P31 . ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ പ്രതിനിധിയെ നേരിൽ കേട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.04.2013- ന് മുൻപ് പാർട്ട് ടൈം തസ്തികയിൽ സേവനത്തിലിരിക്കെ 01.04.2013-ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച വിവിധ ജീവനക്കാരുടെ പാർട്ട് ടൈം തസ്തികയിലെ അവരുടെ മുൻകാല സേവനകാലം പരിഗണിച്ച് തങ്ങളെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാർ മുൻപ് വിശദമായി പരിശോധിക്കുകയും 01.04.2013-ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമിതരായ പാർട്ട് ടൈം ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകേണ്ടതില്ല എന്ന തീരുമാനം കൈകൊള്ളുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലും 2013 ഏപ്രിൽ-1 ന് മുൻപ് പാർട്ട് ടൈം ജീവനക്കാരായി സർവ്വീസിലുണ്ടായിരുന്നവരും പിന്നീട് ഫുൾ ടൈം തസ്തികയിൽ പ്രവേശിച്ചതുമായ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ നിലനിർത്താനാകില്ല.

ഈ സാഹചര്യത്തിൽ 01.04.2013 ന് മുമ്പ് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി പ്രവൃത്തിയെടുക്കുകയും 01.04.2013 നും അതിന് ശേഷവും ഫുൾടൈം സർവീസിലേയ്ക്ക് ഉൾപ്പെടുത്തുകയും

ചെയ്ത പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന Ext.P31 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള ഹൈക്കോടതിയുടെ മേൽ പരാമർശിച്ചിട്ടുള്ള 12.04.2017 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ് സി സ്റ്റീഫൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.
ശ്രീ.പി. സക്കീർ ഹുസൈൻ, ഫുൾ ടൈം സ്വീപ്പർ, കുറുവ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല.
ശ്രീ.പി. കെ.ഷാജിമോൻ, ഫുൾ ടൈം സ്വീപ്പർ, പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീ.എൻ.ഗോവിന്ദൻകുട്ടി, ഫുൾ ടൈം സ്വീപ്പർ, വാളാഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.എം.പി. അനിത, ഫുൾ ടൈം സ്വീപ്പർ, താനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.കെ.നിർമ്മലകുമാരി, ഫുൾ ടൈം സ്വീപ്പർ, താനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.കെ.കെ. പ്രേമ, ഫുൾ ടൈം സ്വീപ്പർ. പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.കെ.മുനീറ, ഫുൾ ടൈം സ്വീപ്പർ, അരീക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.കെ.വി.കവിത, ഫുൾ ടൈം സ്വീപ്പർ, ഇടപ്പാൾ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീ.കെ.ഉണ്ണികൃഷ്ണൻ, ഫുൾ ടൈം സ്വീപ്പർ, തിരുനാവായ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീ.എം.ഹാരിസ്, ഫുൾ ടൈം സ്വീപ്പർ, താനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.ഇ.വി.രാധാമണി,ഫുൾ ടൈം സ്വീപ്പർ,പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീമതി.കെ.ഹസീന, ഫുൾ ടൈം സ്വീപ്പർ, ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ശ്രീ.സി.എ.ജോസ് റോബിൻ, ഫുൾ ടൈം സ്വീപ്പർ, ചെറുകാവ് ഗ്രാമപഞ്ചായത്ത്ഓഫീസ്,മലപ്പുറം ജില്ല.
ശ്രീ.പി.ഉണ്ണികൃഷ്ണൻ, ഫുൾ ടൈം സ്വീപ്പർ, വാളാഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്, മലപ്പുറം ജില്ല
ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/106/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ